**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3565** **08-10-2025 - ൽ മറുപടിയ്ക്ക്**

**അനധികൃതമായി നികത്തിയ വയൽ/തണ്ണീർത്തടം പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൊയിലാണ്ടി താലൂക്കിലെ (കോഴിക്കോട് ജില്ല) ചേമഞ്ചേരി വില്ലേജ് പരിധിയിൽ വയൽ/തണ്ണീർത്തടം നികത്തുന്നതിനെതിരെ 2024 ജനുവരി മുതൽ നാളിതു വരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കൊയിലാണ്ടി താലൂക്കിലെ ചേമഞ്ചേരി വില്ലേജ് പരിധിയിൽ വയൽ/തണ്ണീർത്തടം നികത്തുന്നതിനെതിരെ 2024 ജനുവരി മുതൽ നാളിതുവരെ 3 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പരാതികളിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | വയൽ/തണ്ണീർത്തടം നികത്തലിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകിയ ഏതെങ്കിലും കേസുകളിൽ അതിനുശേഷവും ഏതെങ്കിലും തരത്തിലുള്ള നികത്തൽ/നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | അത്തരത്തിലുള്ള നികത്തൽ/നിർമ്മാണ പ്രവർത്തികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | അനധികൃതമായി നികത്തിയ വയൽ/തണ്ണീർത്തടം പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ അനധികൃതമായി നെൽവയൽ നികത്തുന്നത് നിരോധിച്ചിട്ടുണ്ട്. തണ്ണീർത്തടം നികത്തുന്നതു പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ടി വ്യവസ്ഥകളിൽ ലംഘനം നടന്നതായി ബോധ്യപ്പെട്ടാൽ നിയമത്തിലെ വകുപ്പ് 13 പ്രകാരം ജില്ലാകളക്ടർക്ക നടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ടി നിയമത്തിൽ വ്യവസ്ഥയുള്ളതാണ്.<br><br>കൂടാതെ അനധികൃതമായി പരിവർത്തനപ്പെടുത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ടായി നൂറ്റി അമ്പത് ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കൊണ്ട് 06.06.2025 തീയതിയിലെ സ. ഉ. (സാധാ) നം. 1371/2025/RD പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാകളക്ടർമാർ പ്രൊപോസൽ സമർപ്പിക്കുന്ന മുറക്ക് ടി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ